അനുവദിക്കുന്നുണ്ട്. സർക്കാർ ജീവനക്കാർക്ക് ക്യാൻസർ ചികിത്സയ്ക്കായി പലിശ രഹിത വായ്പയും റീഇമ്പേഴ്സ്മെന്റും അനുവദിക്കുന്നുണ്ട്.

18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ

10 (4879) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

18 വയസ്സിനുതാഴെയുള്ള കുട്ടികൾക്ക് സർക്കാർ പ്രഖ്യാപിച്ച സൗജന്യ ചികിത്സ നൽകുന്നതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ മേശപ്പുറത്തു വയ്ക്കുമോ ?

ഉത്തരം

സൗജന്യ ചികിത്സാ പദ്ധതികളായ ക്യാൻസർ സുരക്ഷാ പദ്ധതി, 'താലോലം' പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു.*

18 വയസ്സിനു താഴെയുള്ളവരുടെ രോഗ ചികിത്സയ്ക്കായി പ്രത്യേക വാർഡുകൾ

11 (4880) ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18 വയസ്സിനു താഴെയുള്ളവരുടെ രോഗ ചികിത്സയ്ക്കായി സർക്കാർ ആശുപത്രികളിൽ പ്രത്യേക വാർഡുകൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ ;

(ബി) എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് കുട്ടികൾക്കായുള്ള ഈ പ്രത്യേക വാർഡുകളിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) ഈ പദ്ധതി എന്നത്തേക്ക് ആരംഭിക്കുമെന്നും ഇതിനായി എന്തെല്ലാം മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ബാധകമല്ല.

വിദ്യാലയ ആരോഗ്യ പരിപാടി

12 (4881) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാലയ ആരോഗ്യ പരിപാടി കൂടുതൽ സ്കൂളുകളിൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly